# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി./ബിപി-1307/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 07/11/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(എയിംസ് മുഖേന)
2) ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,ആലപ്പുഴ
3) ഓഫീസ് പകർപ്പ്

നമ്പർ: കെ.എസ്.എ-എ.എൽ.പി./ബിപി-1307/2023 തീയ്യതി: 07/11/2023

## ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 11-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| വിജയകുമാർ എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 12-10-2023 | 19-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-10-2023 | 19-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എൻ.വിജയകുമാർ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ),
ശ്രീ.പുഷ്പരാജ്.വി.കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ.ലക്ഷ്മികാന്ത്.പി,ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി. എം . പ്രമോദ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. സിസിലി .പി. വി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ലിനി . എം | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. പി . സിനിമോൾ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. സുബ്രഹ്മണ്യൻ .കെ | ഇൻഡസ്ട്രീസ്എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.നിഷ എം ബി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ജിഷ ആന്റണി | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.സിറാജ്ജുദ്ദീൻ എം എ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2022 | 03-03-2023 |
| ശ്രീമതി.സമീറ പോത്തുകാട്ടിൽ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 04-03-2023 | 31-03-2023 |
| ഡോലക്ഷ്മി മോഹൻ | മെഡിക്കൽ ഓഫീസർ പള്ളിപ്പുറം | 01-04-2022 | 13-10-2022 |
| ഡോ.വിനീത. റ്റീ. വി | മെഡിക്കൽ ഓഫീസർ പള്ളിപ്പുറം | 14-10-2022 | 31-03-2023 |
| ഡോ. കെ . ആർ സേതുമാധവൻ | മെഡിക്കൽ ഓഫീസർ അരൂക്കുറ്റി | 01-04-2022 | 31-03-2023 |
| ഡോദിലീപ് . എസ് | മെഡിക്കൽ ഓഫീസർ തൈക്കാട്ടുശ്ശേരി | 01-04-2022 | 13-06-2022 |
| വെക്കൻറ് | മെഡിക്കൽ ഓഫീസർ തൈക്കാട്ടുശ്ശേരി | 14-06-2022 | 15-06-2022 |
| ഡോ.വിജിത്ത്. വിജയൻ | മെഡിക്കൽ ഓഫീസർ തൈക്കാട്ടുശ്ശേരി | 16-06-2022 | 06-01-2023 |

| | | | |
|---|---|---|---|
| ഡോ.അമ്പിളി | മെഡിക്കൽ ഓഫീസർ തൈക്കാട്ടുശ്ശേരി | 07-01-2023 | 31-03-2023 |
| ഡോ.ഷാഹുൽ കെ ബി | മെഡിക്കൽ ഓഫീസർ പെരുമ്പളം | 01-04-2022 | 01-05-2022 |
| വെക്കൻറ് | മെഡിക്കൽ ഓഫീസർ പെരുമ്പളം | 02-05-2022 | 30-05-2022 |
| ഡോ.സുബിൻ . കെ . സലിം | മെഡിക്കൽ ഓഫീസർ പെരുമ്പളം | 31-05-2022 | 22-12-2022 |
| ഡോ.നെറ്റ്സി തോമസ് | മെഡിക്കൽ ഓഫീസർ പെരുമ്പളം | 23-12-2022 | 31-03-2023 |
| ശ്രീമതി. ശ്രീജ .പി | ചൈൽഡ് ഡവലപ്പ്മെൻ്റ് പ്രോജക്ട് ഓഫീസർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള താഴെചേർക്കുന്ന പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക-ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | രജിസ്റ്ററുകളിലെ തുകകളും വാർഷിക കണക്കുകളിലെ തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | തെറ്റായ ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തു | 1-1-4 |
| 6 | ആസ്തികൾ ഉൾപ്പെടുത്തിയില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം | 1-4 |
| 10 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ | 1-4-1 |
| 11 | പദ്ധതി അവലോകനം. | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | ഇ-ടെണ്ടർ ഫീസ് അക്കൗണ്ട് - സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ കാലതാമസം | 1-10 |
| 17 | യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല | 1-11 |
| 18 | ടെണ്ടർ പരസ്യം - അപാകതകൾ | 1-12 |
| 19 | തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-13 |
| 20 | സ്പിൽ ഓവർ അനുമതി ലഭ്യമാക്കാതെ തുക ചെലവഴിച്ചു | 1-14 |
| 21 | പി.എച്ച്.സി.യിലേയ്ക്ക് മരുന്നു വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-15 |
| 22 | പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല | 1-16 |
| 23 | നിയമ പ്രകാരം എടുക്കേണ്ട ഇൻഷ്വറൻസ് പോളിസിയുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല | 1-17 |
| 24 | കാന നിർമ്മാണ പ്രവൃത്തികളിൽ എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന | 1-18 |

| | | |
|---|---|---|
| | നിരക്ക് അനുവദിക്കുന്നു | |
| 25 | സൈറ്റിൽ സ്റ്റാക്ക് ചെയ്തിട്ടുള്ള മണ്ണിന്റെ ലേലം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-19 |
| 26 | ഭൂമി വാങ്ങിയ ഭൂരഹിതർ ഭവന നിർമാണം ആരംഭിച്ചില്ല-പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല | 1-20 |
| ഭാഗം **2** | | |
| 1 | യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല. | 2-1 |
| ഭാഗം **3** | | |
| 1 | സർക്കാർ നിർദ്ദേശം ലംഘിച്ച് ടെൻഡർ പരസ്യം നല്കി - അധിക ചെലവിനിടയാക്കി | 3-1 |
| 2 | നിയമ പ്രകാരം എടുക്കേണ്ട ഇൻഷ്വറൻസ് പോളിസിയുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I.കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 31.07.2023-ലെ കമ്മറ്റി 1(1)-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii.C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ആലപ്പുഴ
07.11.2023

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള താഴെചേർക്കുന്ന പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള താഴെചേർക്കുന്ന പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

A)റേഷ്യോസ്

B)അക്കൗണ്ടിന്മേലുള്ള സെക്രട്ടറിയുടെ കുറിപ്പുകൾ
ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4 തീ.16.10.2023) പ്രസ്തുത പത്രികകൾ അടുത്ത വർഷം മുതൽ ഉൾപ്പെടുത്തുന്നതാണെന്ന് മറുപടി നല്കി.

1-1-2 ക്യാഷ് ഫ്ലോ പത്രിക-ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും [(-)2803315/- രൂപ] പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും [4948084/-രൂപ] തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4 തീ.16.10.2023) ന്യൂനത പരിഹരിക്കുന്നതിന് ഐ.കെ.എം-ന് കത്ത് നല്കിയിട്ടുണ്ടെന്ന് മറുപടി നല്കി.

1-1-3 രജിസ്റ്ററുകളിലെ തുകകളും വാർഷിക കണക്കുകളിലെ തുകകളും പൊരുത്തപ്പെടുന്നില്ല

A).അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം Development Fund -General ഇനത്തിൽ തൻവർഷത്തെ ചെലവ് 16641003/-രൂപയാണ്. എന്നാൽ വാർഷിക കണക്ക് (ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6) പ്രകാരം ഈയിനത്തിലുള്ള ചെലവിനായുള്ള വരവ് ₹16586003/- രൂപ മാത്രമാണ്.

B).വാർഷിക കണക്ക് (ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6) പ്രകാരം Development Fund -SCP ഇനത്തിൽ തൻവർഷത്തെ ചെലവിനായുള്ള വരവ് ₹9001362/- രൂപയാണ്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ഈയിനത്തിലുള്ള ചെലവ് 7555114/-രൂപ മാത്രമാണ്.

C).സ.ഉ(സാധാ)നം.8253/2022/ധന തീ.05.12.2022 പ്രകാരം മെയിന്റനൻസ് ഫണ്ട് റോഡ് ഇനത്തിൽ 17,37,667/രൂപ അനുവദിച്ചതായി കാണുന്നു. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധിച്ചതിൽ ഈ അലോട്ട്മെന്റ് പഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ട് നോൺ റോഡ് അക്കൗണ്ടിലേയ്ക്ക് ഉൾപ്പെടുത്തിയതായി കാണുന്നില്ല.

D).ഡെപ്പോസിറ്റ് രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.
(ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4 തീ.16.10.2023) അലോട്ട് ചെയ്ത ചില തുകകളുടെ ബില്ലുകൾ ഇംപ്ലിമെന്റിംഗ് ഓഫീസർമാർ ട്രഷറിയിൽ നല്കിയിരുന്നില്ലായെന്നും പ്രസ്തുത ബില്ലുകൾ നിലവിലും ട്രഷറിയിൽ ക്യാൻസൽ ചെയ്യാതെ നിലനില്ക്കുന്നതാണ് വികസന ഫണ്ട് ജനറലിലെ വ്യത്യാസത്തിന് കാരണമെന്നും, അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ രണ്ട് സ്പിൽ ഓവർ പ്രോജക്ടുകൾ വെറ്റ് ചെയ്യാതിരുന്നത് മൂലം സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടാതിരുന്നതാണ് വികസന ഫണ്ട് എസ്.സി.പി-യിലെ വ്യത്യാസത്തിന് കാരണമെന്നും മറുപടി നല്കി. ട്രഷറിയിൽ മാറാതെ നില്ക്കുന്ന ബില്ലുകൾ ക്യാൻസൽ ചെയ്യേണ്ടതാണ്, കൂടാതെ സുലേഖയിൽ ഉൾപ്പെടാതിരുന്ന പ്രോജക്ടുകൾ ഉൾപ്പെടുത്തേണ്ടതുമാണ്. മറ്റ് രണ്ട് ന്യൂനതകൾക്ക് മറുപടി ലഭ്യമാക്കിയില്ല.)

1-1-4 തെറ്റായ ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തു

പട്ടികജാതി വികസന ഓഫീസിലേയ്ക്ക് ലാപ് ടോപ് വാങ്ങുന്നതിനായി തനത് ഫണ്ടിൽ നിന്നും നല്കിയ 2777/-രൂപ 260100199-Grant Contributions And Compensations From Own Fund Grants To Other Institution എന്ന ശീർഷകത്തിലാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4 തീ.16.10.2023) മറുപടി ലഭ്യമാക്കിയില്ല.

1-1-5 ആസ്തികൾ ഉൾപ്പെടുത്തിയില്ല

1.ബ്ലോക്ക് പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന സ്ഥലം ബാലൻസ് ഷീറ്റിൽ ആസ്തിയായി ഉൾപ്പെടുത്തിയതായി കാണുന്നില്ല.
2.പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് വാർഡ് 5 പള്ളിക്കടവിൽ നിന്നും മാട്ടേൽ തുരുത്തിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ ബാക്കി നല്കേണ്ടതായ തുക നൽകൽ എന്ന പദ്ധതി പ്രകാരം തൻവർഷം 28767/-രൂപയും, അരൂക്കുറ്റി ഗ്രാമ പഞ്ചായത്ത് വാർഡ്-01 അരൂക്കുറ്റി ജെട്ടിയിൽ നിന്നും മാട്ടേത്തുരുത്തിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ ടെണ്ടർ എക്സസ് തുക നല്കൽ എന്ന പദ്ധതി പ്രകാരം തൻവർഷം 20000/-രൂപയും കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചതായി

കാണുന്നു. ഈ പദ്ധതികൾ പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഈ തുകകൾ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18-ൽ Advance To Implimenting Agencies – Deposit With Kerala Water Authority എന്ന ഹെഡിൽ ആസ്തിയായി ഉൾപ്പെടുത്തിയതായി കാണുന്നില്ല. മുൻവർഷ ബാലൻസ് ഷീറ്റ് പ്രകാരമുള്ള അതേ തുക തന്നെയാണ് തൻവർഷ ബാലൻസ് ഷീറ്റിലും ഉൾപ്പെട്ടിട്ടുള്ളത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4 തീ.16.10.2023) അടുത്ത വർഷം പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി നല്കി.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 24.03.2022 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 48544737 | 484497861 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 62701609 | 71124311 |

പുതുക്കിയ ബജറ്റിന്റെ വിവരം

30/3/2023 തീയതിയിലെ 1/1 നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

| | വരവ് | ചെലവ് |
|---|---|---|
| പുതുക്കിയ ബജറ്റ് പ്രകാരം | 487055634 | 477702421 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20825661 |
| വരവ് | 55793975 |
| ആകെ | 76619636 |
| ചെലവ് | 71276504 |
| നീക്കിയിരിപ്പ് | 5343132 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16952000 | 16952000 | 16586003 | 365997 (ലാപ്സായി) |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 9642000 | 9642000 | 9001362 | 640638 (ലാപ്സായി) |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 150000 | 150000 | 150000 | 0 |
| മെയിന്റനൻസ് ഫണ്ട് – റോഡ് | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് – നോൺ റോഡ് | 0 | 7794967 | 7794967 | 5213000 | 2581967 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- | 0 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| ടൈഡ് -ട്രഷറി | | | | | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ടൈഡ് -ബാങ്ക് | 1547345 | 4100000 | 5647345 | 5035075 | 612270 (നീക്കിയിരിപ്പ്) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് -ട്രഷറി | 0 | 0 | 0 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് -ബാങ്ക് | 338780 | 2855631 | 3194411 | 2645135 | 549276 (നീക്കിയിരിപ്പ്) |

1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ താഴെ ചേർക്കും പ്രകാരമുള്ള പൊരുത്തക്കേടുകൾ നിലനിൽക്കുന്നു.

1.വികസന ഫണ്ട് (എസ്.സി.പി)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 9642000 | 9642000 |
| ചെലവ് | 7555114 | 9001362 |
| നീക്കിയിരിപ്പ് | 2086886 | 640638 |

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ മുൻബാക്കി, പലിശയിനത്തിൽ ലഭിച്ച തുക എന്നിവ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉൾപ്പെടുത്താതിരുന്നതു മൂലം വരവിലും, ചെലവിലും നീക്കിയിരിപ്പിലും വ്യത്യാസം വന്നിട്ടുണ്ട്.

2.ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| മുന്നിരിപ്പ് | 0 | 1547345 |
| വരവ് | 4100000 | 4100000 |
| ആകെ | 4100000 | 5647345 |
| ചെലവ് | 5035075 | 5035075 |
| നീക്കിയിരിപ്പ് | (-)935075 | 612270 |

3.ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| മുന്നിരിപ്പ് | 0 | 338780 |
| വരവ് | 2733000 | 2733000 |
| പലിശ | 0 | 122631 |
| ആകെ | 2733000 | 3194411 |
| ചെലവ് | 2645135 | 2645135 |
| നീക്കിയിരിപ്പ് | 87865 | 549276 |

സ.ഉ(സാധാ)നം.8253/2022/ധന തീ.05.12.2022 പ്രകാരം മെയിന്റനൻസ് ഫണ്ട് നോൺ റോഡ് ഇനത്തിൽ അനുവദിച്ച 1737667/രൂപ വരവിൽ കാണിച്ചിട്ടില്ലാത്തതിനാൽ വരവിലും, നീക്കിയിരിപ്പിലും വ്യത്യാസം വന്നിട്ടുണ്ട്.

4.മെയിന്റനൻസ് ഫണ്ട് റോഡ്

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 6057300 | 7794967 |
| ചെലവ് | 5213000 | 5213000 |
| നീക്കിയിരിപ്പ് | 844300 | 2581967 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 91 | 44680582 | 69 | 37284075 | 0 | 22 | 75.82 |

## 1-6 തൊഴിലുറപ്പ് പദ്ധതി

വാർഷിക കണക്കിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവുകൾ ഉൾപ്പെട്ടിട്ടില്ല.

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.10.2023 തീയതിയിൽ 03:00 P.M സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരുപ്പില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3.കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

4. പ്രോജക്ട് രൂപീകരിച്ച് സ്പിൽ ഓവർ അനുമതി വാങ്ങാതെ പദ്ധതികൾ നടപ്പാക്കിയിട്ടുള്ളതായി കാണുന്നു. (വി.ഇ.ഒ ഓഫീസുകളിലേയ്ക്ക് ലാപ്പ്ടോപ്പ്, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ)

5. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട് തനത് ഫണ്ടിൽ

നിന്നും ചെലവഴിച്ചിട്ടുള്ള തുകകൾ പൂർണ്ണമായും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്തത് മൂലം കൃത്യമായ കണക്ക് ലഭ്യമല്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 ഇ-ടെണ്ടർ ഫീസ് അക്കൗണ്ട് - സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ കാലതാമസ്സം

തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനിയറുടെ 17.8.17 ലെ ഡിബി1/7942/2010/സി ഇ/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിലവിൽ ഇ- ടെണ്ടറിന്റെ ആവശ്യത്തിനായി അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനിയറിംഗ് വകുപ്പ് മേധാവികളും (ഗ്രാമ പഞ്ചായത്തുകളും, ബ്ലോക്ക് പഞ്ചായത്തുകളും ) എസ്.ബി.ഐ ശാഖയിൽ ഔദ്യോഗിക മേൽ വിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് തുടങ്ങേണ്ടതാണെന്നും, നിലവിൽ എസ്.ബി.ഐ ശാഖയിൽ കറന്റ് അക്കൗണ്ട് ഉള്ളപക്ഷം ആയത് ഇതിനുവേണ്ടി ഉപയോഗിക്കാവുന്നതാണെന്നും, എന്നാൽ പ്രസ്തുത ബാങ്ക് അക്കൗണ്ട് ഈ ആവശ്യത്തിനല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിൽ ടി ആവശ്യത്തിനായി അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ തൈക്കാട്ടുശ്ശേരി ശാഖയിൽ കറന്റ് *അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത് 2022-23 സാമ്പത്തിക വർഷത്തിലാണ്.* (നം. 41033326258) പ്രസ്തുത അക്കൗണ്ടിന്റെ 28.6.22 മുതലുള്ള സ്റ്റേറ്റ്മെന്റാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത അക്കൗണ്ടിൽ മറ്റ് പണമിടപാടുകളും നടന്നിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിലെ 6.10.23 ലെ നീക്കിയിരുപ്പ് 43905/-രൂപയാണ്. പ്രസ്തുത തുക ബ്ലോക്ക് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.

ബാങ്ക് ചാർജ്ജ് എന്ന് രേഖപ്പെടുത്തി ടി അക്കൗണ്ടിൽ നിന്നും തുക ഈടാക്കിയിട്ടുള്ളതായി കാണുന്നു. എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരം ആരംഭിച്ചിട്ടുള്ള അക്കൗണ്ടുകളിൽ നിന്നും ഇത്തരത്തിലുള്ള തുകകൾ ഈടാക്കാവുന്നതല്ല. ടി തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രസ്തുത അക്കൗണ്ടിലേയ്ക്ക് ഇടെണ്ടർ തുക ക്രെഡിറ്റ് ആകുന്നതിന് മുമ്പുള്ള കാലയളവിൽ ഇടെണ്ടർ ഫീ ഇനത്തിലുള്ള തുക അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളത് എൽ.എസ്.ജി.ഡി എക്സി.എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ്. എന്നാൽ ടി അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ട തുകയുടെ വിവരവും, തിരികെ ലഭ്യമാക്കിയ തുകയുടെ വിവരവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/16.10.23) അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ പാൻ കാർഡ് ലഭിക്കുന്നതിലുണ്ടായ കാലതാമസ്സം മൂലമാണ് അക്കൗണ്ട് ആരംഭിക്കുവാൻ വൈകിയതെന്നും, മറ്റ് അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചതായും അറിയിച്ചിട്ടുണ്ട്.

പ്രസ്തുത അക്കൗണ്ട് സർക്കാർ നിർദ്ദേശാനുസരണം ഉപയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി/തീ.1.2.2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ (സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനുള്ളിൽ) കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം -25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള ഒരു പ്രവൃത്തിയുടെ കരാറുകാരൻ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്നിട്ടും പിഴ ഈടാക്കിയില്ല. ഇതു മൂലം 5190/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ

വിവരം ഖണ്ഡിക 2-1 ആയി ചേർത്തിട്ടുണ്ട്.

### 1-12 ടെണ്ടർ പരസ്യം - അപാകതകൾ

2022-23 സാമ്പത്തിക വർഷം, വിവിധ പ്രവൃത്തികളുടെ ടെൻഡർ പരസ്യങ്ങൾക്കായി ദേശാഭിമാനി ദിനപ്പത്രത്തിൽ പരസ്യം നൽകിയത് നിർദ്ദിഷ്ട വിൻഡോ മാതൃകയിലല്ല. പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ച കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ 18,557/- രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദ വിവരത്തിന് ഖണ്ഡിക 3-1 കാണുക.

### 1-13 തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

1)പ്രോജക്ട് നം.S0052/23

പ്രോജക്ടിന്റെ പേര് - കേരളോത്സവം-2022
അടങ്കൽ– 150000/- (തനത് ഫണ്ട് )
ചെലവ് – 94690/-
(1.ചെക്ക് നമ്പർ JF-9939861 തീ.02.12.2022- 50000/-രൂപ

2.ചെക്ക് നമ്പർ JF-9940000 തീ.02.02.2023- 33710/-രൂപ

3.ചെക്ക് നമ്പർ JF-9939969 തീ.20.02.2023- 6600/-രൂപ

4.ചെക്ക് നമ്പർ JF-9939961 തീ.09.02.2023- 4380/-രൂപ)

2)പ്രോജക്ട് നം.S0137/23

പ്രോജക്ടിന്റെ പേര് - തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിലേയ്ക്ക് യു.പി.എസ്- ബാറ്ററികൾ വാങ്ങൽ
അടങ്കൽ– 225000/-(തനത് ഫണ്ട് )
ചെലവ് – 68688/-
(1.ചെക്ക് നമ്പർ JF-9939870 തീ.30.12.2022- 68688/-)

3)പ്രോജക്ട് നം.S0051/23

പ്രോജക്ടിന്റെ പേര് – പദ്ധതി രൂപീകരണം, നിർവഹണം, മോണിട്ടറിംഗ് (2022 – 23)
അടങ്കൽ– 90000/-(തനത് ഫണ്ട് )
ചെലവ് – 72640/-
(1.ചെക്ക് നമ്പർ JF-9939767 തീ.28.11.2022- 29510/-രൂപ

2.ചെക്ക് നമ്പർ JF-9939989 തീ.21.01.2023- 3200/-രൂപ

3.ചെക്ക് നമ്പർ JF-9939991 തീ.25.01.2023 - 24320/-രൂപ

4.ചെക്ക് നമ്പർ MA-2134507 തീ.28.03.2023 - 15610/-രൂപ )

4)പ്രോജക്ട് നം.S0092/23
പ്രോജക്ടിന്റെ പേര് - തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്ത് തുടർ സാക്ഷരത പരിപാടികൾ
അടങ്കൽ– 95000/-(തനത് ഫണ്ട് )
ചെലവ് – 68688/-
(1.ചെക്ക് നമ്പർ MA-2134505 തീ.27.03.2023- 95000/-രൂപ)

5)പ്രോജക്ട് നം.S0141/23

പ്രോജക്ടിന്റെ പേര് - അരൂക്കുറ്റി ഗ്രാമ പഞ്ചായത്ത് വാർഡ്-01 അരൂക്കുറ്റി ജെട്ടിയിൽ നിന്നും മാട്ടേത്തുരുത്തിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ ടെണ്ടർ എക്സസ് തുക നല്കൽ
അടങ്കൽ– 20000/-(തനത് ഫണ്ട് )
ചെലവ് –20000/-
(1.ചെക്ക് നമ്പർ JF-9939970 തീ.23.02.2023)

തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ടുകളുടെ തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. കാരണം അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11 തീ.19.10.2023) സാങ്കേതിക കാരണങ്ങളാലാണ് തനത് ഫണ്ട് ചെലവുകൾ സുലേഖയിൽ രേഖപ്പെടുത്താൻ കഴിയാതിരുന്നതെന്ന് മറുപടി നല്കി. മറ്റ് നിർവഹണോദ്യോഗസ്ഥരുടെ തനത് ഫണ്ടിൽ നിന്നുള്ള പ്രോജക്ട് ചെലവുകൾ സുലേഖയിൽ ഉൾപ്പെട്ട് വന്നിട്ടുണ്ട്. അതിനാൽ

സാങ്കേതിക കാരണങ്ങളാലാണ് ചേർക്കാൻ കഴിയാതിരുന്നതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 സ്പിൽ ഓവർ അനുമതി ലഭ്യമാക്കാതെ തുക ചെലവഴിച്ചു

തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം നിർവഹണം ആരംഭിച്ച താഴെചേർക്കുന്ന പ്രോജക്ടുകൾക്കായി 2022-23 സാമ്പത്തിക വർഷം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതികൾക്ക് തൻവർഷം സ്പിൽ ഓവറായി അനുമതി നേടിയിട്ടില്ല.

1.പ്രോജക്ട് നം.S0082/22 (2021-22)

പ്രോജക്ടിന്റെ പേര്: വി.ഇ.ഒ ഓഫീസുകളിലേയ്ക്ക് ലാപ് ടോപ്പ്

അടങ്കൽ- 500000/-(തനത് ഫണ്ട്)

ആകെ ചെലവ്-391210/-രൂപ

തൻവർഷ ചെലവ് - 109560/-രൂപ (ചെക്ക് നം.5284700 തീ.11.08.2022)

2.പ്രോജക്ട് നം.S0105/22 (2021-22)

പ്രോജക്ടിന്റെ പേര്: കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ
വകയിരുത്തൽ

വികസന ഫണ്ട് - 28880/-

ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 219047/-

മെയിന്റനൻസ് ഫണ്ട് (റോഡിതരം) - 7043/-

തനത് ഫണ്ട് -26144/-

ആകെ അടങ്കൽ - 371000/-

ആകെ ചെലവ് -384678/-

തൻവർഷ ചെലവ് - 30366/-രൂപ (ചെക്ക് നം.8206604 തീ.26.08.2022)

മേൽ പദ്ധതികൾ പ്രകാരം ലാപ് ടോപ്, കംപ്യൂട്ടർ എന്നിവ സംസ്ഥാന സർക്കാരിന്റെ കേരള ഇ-ഗവേണൻസ് ഐ.റ്റി പ്രൊക്യൂർമെന്റ് പോർട്ടലായ Cprcs.kerala.gov.in മുഖേന വാങ്ങുന്നതിനായി 2021-22 സാമ്പത്തിക വർഷം തുക നല്കിയെങ്കിലും സൈറ്റിൽ ഉപകരണങ്ങളുടെ ലഭ്യതയില്ലാതിരുന്നതിനാൽ വർക്ക് ഓർഡർ നല്കുന്നതിന് സാധിച്ചിരുന്നില്ല. 2022-23 സാമ്പത്തിക വർഷം നിരക്കിൽ മാറ്റം വന്നതിനാൽ അധിക തുക നല്കേണ്ടതായി വന്നു. ഇപ്രകാരം അധികം നല്കേണ്ടതായ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പ്രോജക്ടുകൾ റിവൈസ് ചെയ്ത് അനുമതി തേടാതെയാണ് ചെലവുകൾ നടത്തിയിരിക്കുന്നത്. ക്രമ നമ്പർ രണ്ടായി ഉൾപ്പെടുത്തിയിരിക്കുന്ന പ്രോജക്ടിൽ മുൻവർഷം സാമ്പത്തികാനുമതിയുണ്ടായിരുന്ന (371000/-രൂപ) തുകയേക്കാൾ കൂടുതൽ തുക (384678/-രൂപ) ചെലവഴിച്ചിട്ടുമുണ്ട്. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരമില്ലാതെ തുക ചെലവഴിക്കാനുണ്ടായ സാഹചര്യം ഓഡിറ്റിൽ അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11 തീ.19.10.2023) മറുപടി ലഭ്യമാക്കിയില്ല. സ്പിൽ ഓവർ പ്രോജക്ട് രൂപീകരിച്ച് അനുമതി വാങ്ങാതെ തുക ചെലവഴിച്ചത് ക്രമ വിരുദ്ധമാണ്. ടി വിഷയത്തിലേയ്ക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 പി.എച്ച്.സി.യിലേയ്ക്ക് മരുന്നു വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

പ്രോജക്ട് നം. -S0012/23

പ്രോജക്ടിന്റെ പേര് - സി.എച്ച്.സി തൈക്കാട്ടുശേരി മരുന്നുവാങ്ങൽ
നിർവഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ, സി.എച്ച്.സി തൈക്കാട്ടുശേരി

അടങ്കൽ – 431725/- (മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) )
ചെലവ് – 431725/-
(1.ബിൽ നമ്പർ - 03/2022-23 തീ.21.06.2022- 300000/-രൂപ

2.ബിൽ നമ്പർ - 15/2022-23 തീ.03.03.2023- 111267/-രൂപ

3.ബിൽ നമ്പർ - 16/2022-23 തീ.21.03.2023- 20458/-രൂപ

സി.എച്ച്.സി തൈക്കാട്ടുശേരി മരുന്നുവാങ്ങൽ പദ്ധതിയിലുൾപ്പെടുത്തി 3,00,000/- രൂപ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പിൻവലിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ഇതിൽ 173031/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 126969/- രൂപയ്ക്കുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്നതിലേയ്ക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.12/19.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല

നിർവഹണ ഉദ്യോഗസ്ഥൻ:- സെക്രട്ടറി

1.പ്രോജക്ട് നം. -S0141/23

പ്രോജക്ടിന്റെ പേര് - അരൂക്കുറ്റി ഗ്രാമ പഞ്ചായത്ത് വാർഡ്-01 അരൂക്കുറ്റി ജെട്ടിയിൽ നിന്നും മാട്ടേത്തുരുത്തിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ ടെണ്ടർ എക്സസ് തുക നല്കൽ
അടങ്കൽ– 20000/-(തനത് ഫണ്ട് )
ചെലവ് –20000/-
(1.ചെക്ക് നമ്പർ JF-9939970 തീ.23.02.2023)

2021-22 സാമ്പത്തിക വർഷം രൂപീകരിച്ച മേൽ പ്രോജക്ടിന് വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം 460000/-രൂപ 2021-22 സാമ്പത്തിക വർഷം തന്നെ വാട്ടർ അതോറിറ്റിക്ക് കൈമാറിയിരുന്നു. എന്നാൽ ഈ പ്രവൃത്തി വാട്ടർ അതോറിറ്റി ടെണ്ടർ ചെയ്തപ്പോൾ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത കരാറുകാരൻ ടെണ്ടർ എക്സസ് ആയാണ് തുക രേഖപ്പെടുത്തിയിരിക്കുന്നതെന്നും ആയതിനാൽ 20000/-രൂപ കൂടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വാട്ടർ അതോറിറ്റിക്ക് കൈമാറിയാൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ കരാറുകാരന് അനുമതി നല്കുവാൻ സാധിക്കുകയുള്ളൂവെന്നും കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ (കത്ത് നം.D5/34175/2021 തീ.15.09.2022) അറിയിച്ചതിനെ തുടർന്ന് മേൽ ചെക്ക് പ്രകാരം തുക വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2.പ്രോജക്ട് നം. -S0081/23

പ്രോജക്ടിന്റെ പേര് - പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് വാർഡ്-5-ൽ നിന്നും മാട്ടേത്തുരുത്തിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ ബാക്കി നല്കേണ്ടതായ തുക നല്കുന്നത്
അടങ്കൽ– 28767/-(വികസന ഫണ്ട് )
ചെലവ് – 28767/-
(1.ബിൽ റെഫറൻസ് നം.22060763011301233088 തീ.23.02.2023)

2021-22 സാമ്പത്തിക വർഷം രൂപീകരിച്ച ഈ പ്രോജക്ടിന് വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം 585000/-രൂപ നല്കേണ്ടതായിരുന്നു. എന്നാൽ 2021-22 സാമ്പത്തിക വർഷം 556233/- മാത്രമാണ് വാട്ടർ അതോറിറ്റിക്ക് കൈമാറിയത്. മുഴുവൻ തുകയും ലഭ്യമാവാതിരുന്നതിനാൽ പ്രവൃത്തി ആരംഭിച്ചിരുന്നില്ല. അവശേഷിച്ച തുക 28767/-, 2022-23 സാമ്പത്തിക വർഷം വാട്ടർ അതോറിറ്റിക്ക് കൈമാറിയെങ്കിലും നാളിതുവരെയായും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

മേൽ രണ്ട് പ്രോജക്ടുകളുടെയും പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11 തീ.19.10.2023) പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കാൻ വാട്ടർ അതോറിറ്റിക്ക് കത്ത് നല്കിയിട്ടുണ്ടെന്ന് മറുപടി നല്കി. വാട്ടർ അതോറിറ്റിയിൽ നിന്നുള്ള പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ തൻവർഷം മേൽ രണ്ട് പ്രോജക്ടുകൾക്കായി ചെലവഴിച്ച 48767/-രൂപയുടെ (20000+28767) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-17 നിയമ പ്രകാരം എടുക്കേണ്ട ഇൻഷ്വറൻസ് പോളിസിയുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

മരാമത്ത് പ്രവൃത്തികളുടെ കരാറുകാർക്ക് നൽകിയിട്ടുള്ള Letter Of Acceptance ലെ Clause (6) പ്രകാരം പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കരാർ തുകയുടെ 0.5% നിരക്കിൽ, (മിനിമം 200000/- പരമാവധി 500000/- രൂപ) ഇൻഷ്വറൻസ് എടുക്കേണ്ടതാണെന്നും, പോളിസി സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത പക്ഷം കരാർ തുകയുടെ 0.2% നിരക്കിൽ ഫൈൻ ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള കൈതാട്ട് ചിറ കാവുങ്കൽ തോട് സൈഡ് പ്രൊട്ടക്ഷൻ കാന നിർമ്മാണം - ചേന്നംപള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് (പ്രോജക്ട് നം.S0007/23) എന്ന പ്രവൃത്തിയിൽ ഇത്തരത്തിൽ ഇൻഷ്വറൻസ് എടുത്തിട്ടുള്ളതിന്റെ പോളിസി സർട്ടിഫിക്കറ്റ് രേഖകളോ, ഫൈൻ ഈടാക്കിയതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല. പിഴ ഇനത്തിലുള്ള നഷ്ടം 1084/- രൂപ. വിശദ വിവരം ഭാഗം 3-2 ആയി ചേർത്തിട്ടുണ്ട്.

## 1-18 കാന നിർമ്മാണ പ്രവൃത്തികളിൽ എർത്ത് വർക്ക് എക്സ്കവേഷന് ഉയർന്ന നിരക്ക് അനുവദിക്കുന്നു

ബ്ലോക്ക് പഞ്ചായത്തിൽ 2022-23 സാമ്പത്തികവർഷം ചെയ്തിട്ടുള്ള കാന നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ചിരിക്കുന്ന നിരക്ക് DsoR 2016 C.I – 48.71% പ്രകാരം 553.17/m3 രൂപയും, DsoR 2018 C.I – 41.53% പ്രകാരം 798.27/m3 രൂപയുമാണ്(സ്പെസിഫിക്കേഷൻ കോഡ് -11.1.1.1 എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ് ) . ഇത് പാലം , കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. കാന നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് യഥാക്രമം 259.29/m3, 374.21/m3 (MoRDസ്പെസിഫിക്കേഷൻ കോഡ് -3.5.1 )ആണ്. ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കരാറുകാർ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്യാനും അധിക ചെലവിനുമിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/ കരാറുകാരൻ | ചെയ്ത പ്രവൃത്തിയുടെ അളവ്, അനുവദിച്ചതുക | അനുവദനീയമായ തുക | ചെലവ് വിവരം/ അളവ് ബുക്ക് |
|---|---|---|---|---|
| 1 | ആനപ്പറമ്പ് കൊച്ചപ്പള്ളി തോട് കാന, കവർ സ്ലാബ് നിർമ്മാണം - (പാണാവള്ളി ഗ്രാമ പഞ്ചായത്ത്) (79/22) അനിൽകുമാർ.പി.ജി പ്രവൃത്തി മൂല്യം - 550602/- | 24m3 @553.17/m$^3$+ (9.5 % Tender Excess) = 14537 | 24m3 @259.29/m$^3$ + (9.5 % Tender Excess) = 6814 | 73/22.10.22 – 372081/- എം.ബുക്ക് - 85/21-22 |
| 2 | ആനപ്പറമ്പ് കൊച്ചപ്പള്ളി തോട് കാന, കവർ സ്ലാബ് നിർമ്മാണം - (പാണാവള്ളി ഗ്രാമ പഞ്ചായത്ത്) (108/22) അനിൽകുമാർ.പി.ജി പ്രവൃത്തി മൂല്യം - 495060/- | 19.838 M3 @798.27/m$^3$ = 15836 | 19.838 M3 @374.21/m$^3$ = 7424/- | 72/22.10.22 – 495060/- എം.ബുക്ക് - 75/21-22 |
| 3 | ചെട്ടിശ്ശേരി ഭാഗത്ത് കാന, കവർ സ്ലാബ് നിർമ്മാണം - (പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത്)(73/22) അജിത്ത്.എൻ.എസ് പ്രവൃത്തി മൂല്യം - 572255/- | 60.83 M3 @798.27/m$^3$ + (0.022% Tender Below) = 48542 | 60.83 M3 @374.21/m$^3$ + (0.022% Tender Below) = 22758 | 41/6.09.22 – 495060/- എം.ബുക്ക് - 97/21-22 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/19.10.23) അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ ഓപ്പൺ ഏരിയയിലുള്ളതിനേക്കാൾ ലേബർ ചാർജ്ജ് കൂടുതൽ വരുന്നതിനാലാണ് പ്രസ്തുത ഡേറ്റ ഉപയോഗിച്ചതെന്നും, ആലപ്പുഴ ജില്ലയിൽ പൊതുവായി തയ്യാറാക്കി നൽകിയിട്ടുള്ള നിരക്കാണിതെന്നും, ലഭ്യമായ മണൽ ബാക്ക് ഫില്ലിംഗിന് ഉപയോഗിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഡേറ്റ പ്രകാരമുള്ള നിരക്ക് പാലം , കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. എന്നാലിവിടെ പരാമാവധി 80 സെ.മി വരെ മാത്രമാണ് എർത്ത് വർക്ക് നടത്തിയിട്ടുള്ളത്. മാത്രമല്ല മറ്റ് ജില്ലകളിലും (എറണാകുളം) ആലപ്പുഴയിലെ തന്നെ മറ്റ് പഞ്ചായത്തുകളിലും ഇതേ കാലയളവിൽ ഇതേ ഇനത്തിന് അനുവദിച്ചിട്ടുള്ളത് MoRD സ്പെസിഫിക്കേഷൻ കോഡ് – 3.5.1 പ്രകാരമുള്ള നിരക്കാണ് (ഉദാ. ആര്യാട് ബ്ലോക്ക് പഞ്ചായത്ത്). പ്രസ്തുത സാഹചര്യത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി അംഗീകരിക്കാവുന്നതല്ല. ടി വിഷയത്തിൽ വകുപ്പ് തല നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 സൈറ്റിൽ സ്റ്റാക്ക് ചെയ്തിട്ടുള്ള മണ്ണിന്റെ ലേലം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് - ചെട്ടിശ്ശേരി ഭാഗത്ത് കാന, കവർ സ്ലാബ് നിർമ്മാണം - (S0073/22)

എന്ന പ്രവൃത്തിയുടെ ഇനം (1) പ്രകാരം 60.83 M3 മണ്ണ് കുഴിച്ചെടുത്തിരുന്നു. ഇതിൽ സൈഡ് ഫില്ലിംഗിനായി ഉപയോഗിച്ച ശേഷം 31 M3 മണ്ണ് സൈറ്റിൽ അവശേഷിക്കുന്നതായും, ആയതിന് നിലവിലെ നിരക്ക് പ്രകാരം 17550/- രൂപ മൂല്യം നിർണ്ണയിച്ച്, ലേല നടപടികൾ സ്വീകരിക്കുന്നതിനായി 25.3.22 ൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകുകയും (നം. LID & EW – TSYBP-421/21) ചെയ്തിരുന്നു. പ്രസ്തുത മണ്ണ് ലേലം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/19.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മണലിന്റെ ലേലം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-20 ഭൂമി വാങ്ങിയ ഭൂരഹിതർ ഭവന നിർമാണം ആരംഭിച്ചില്ല-പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല

തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വികസന ഓഫീസർ സൂക്ഷിച്ചിട്ടുള്ള ആനുകൂല്യ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 2020-21, 2021-22സാമ്പത്തിക വർഷങ്ങളിൽ താഴെചേർക്കുന്ന ഭൂരഹിത പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നല്കിയിട്ടുണ്ട്.

2020-21

പ്രോജക്ട് നം.S0041/21

1.ഭാനുമതി, മേക്കരവെളി. തൈക്കാട്ടുശേരി.പി.ഒ.ആലപ്പുഴ

2.ധനീഷ്.പി, മാതനാടി, പാണാവള്ളി.പി.ഒ, ആലപ്പുഴ

3.രാജേഷ്.ബി, പല്ലുവേലി ഹരിജൻ കോളനി, പള്ളിപ്പുറം.പി.ഒ, ആലപ്പുഴ

4.സരസ, മങ്ങാട്ട്, നദുവത്ത് നഗർ.പി.ഒ, അരൂക്കുറ്റി, ആലപ്പുഴ

2021-22

പ്രോജക്ട് നം.S0049/22

1.ശരത്ത്.കെ.എസ്, കുറ്റിക്കാട്ട് നികർത്ത്, തൈക്കാട്ടുശേരി.പി.ഒ, ആലപ്പുഴ

2.സൌമ്യ.കെ.എസ്, കോലോത്തുമഠം ലക്ഷംവീട്, പാണാവള്ളി.പി.ഒ, ആലപ്പുഴ

3.ബിബിൻ, നികർത്തിൽ, അരൂക്കുറ്റി.പി.ഒ, ആലപ്പുഴ

4.ഗ്രീഷ്മ.ജി, താങ്കേരിൽ നികർത്ത്, വടുതലജെട്ടി.പി.ഒ, അരൂക്കുറ്റി, ആലപ്പുഴ

5.ജയേഷ്, കണിച്ചുകാട്ട് ചിറ, വടുതലജെട്ടി.പി.ഒ, അരൂക്കുറ്റി, ആലപ്പുഴ

6.ലക്ഷ്മി, മട്ടമ്മേൽ നികർത്ത്, വടുതലജെട്ടി.പി.ഒ, അരൂക്കുറ്റി, ആലപ്പുഴ

7. മഹേശ്വരി, മൂലക്കത്തറ, നദുവത്ത് നഗർ.പി.ഒ, അരൂക്കുറ്റി, ആലപ്പുഴ

8.ശ്രീജിത്ത്.ജി, പുതുവൽ നികർത്ത്, നദുവത്ത് നഗർ.പി.ഒ, അരൂക്കുറ്റി, ആലപ്പുഴ

മേൽ പദ്ധതികളിലുൾപ്പെട്ട് ഭൂമി വാങ്ങിയ ഗുണഭോക്താക്കൾ ഭവന നിർമാണം ആരംഭിച്ചതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9 തീ.19.10.2023) മറുപടി ലഭ്യമാക്കിയില്ല. 2021-22 പദ്ധതിയിലുൾപ്പെട്ട് ഭൂമി വാങ്ങിയ ക്രമ നമ്പർ 2 സൌമ്യ.കെ.എസ്, ക്രമ നമ്പർ 8 ശ്രീജിത്ത്.ജി എന്നിവർ മാത്രമാണ് ഭവന നിർമാണം ആരംഭിച്ചതെന്ന് പട്ടികജാതി വികസന ഓഫീസർ മറുപടി (20.10.2023-ലെ മറുപടി) നല്കി. അവശേഷിക്കുന്ന ഗുണഭോക്താക്കളുടെയും ഭവന നിർമാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് പദ്ധതി ലക്ഷ്യം പൂർത്തീകരിക്കേണ്ടതാണ്.

# ഭാഗം -2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല.

ജി.ഒ(പി)13/2012/പി.ഡബ്ല്യൂ.ഡി/തീ.1.2.2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ (സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനുള്ളിൽ) കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം -25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ബ്ലോക്ക്

പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ ചേർക്കുന്ന പ്രവൃത്തിയുടെ കരാറുകാരൻ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്നിട്ടും പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിവരം, കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി/ പിഴ കൂടാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയതി | കരാർ തീയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|
| ഉണർവ്വ് ഉല്ലാസ കേന്ദ്രം – അരൂക്കുറ്റി സി.എച്ച്.സി (9/23) രാഘവേന്ദ്ര ഷേണായി പി.എ.സി - 518950/- | 5.08.22<br>19.08.22 | 26.8.22 | 5190 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8/19.10.23), പ്രൈസ് 3 സോഫ്റ്റ് വെയറിൽ നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്നതിലുള്ള അവ്യക്തത മൂലമാണ് താമസ്സം നേരിട്ടതെന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയത്. എന്നാൽ കരാർ ചമയ്ക്കേണ്ടത് 2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2009-6 പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായതിനാലും, ഇതേ കാലയളവിലെ മറ്റ് പ്രവൃത്തികളിൽ യഥാസമയം കരാർ ചമച്ചിട്ടുള്ളതിനാലും പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. നിയമ പ്രകാരമുള്ള പിഴ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സർക്കാർ നിർദ്ദേശം ലംഘിച്ച് ടെൻഡർ പരസ്യം നല്കി - അധിക ചെലവിനിടയാക്കി

സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി 01-01-2004, പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് – ഡി) വകുപ്പിന്റെ 21.06.2004 ലെ 7441/ഡി-1/04/ഐ.ആൻഡ്.പി.ആർ നമ്പർ സർക്കുലർ എന്നിവ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 2022-23 ലെ വിവിധ വാർഷിക പദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടി ക്രമങ്ങൾക്ക് നല്കിയ ചില പരസ്യങ്ങൾ നിർദ്ധിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൌച്ചർ നം /ചെക്ക് നം./ തീയതി | ഇൻവോയിസ് നം./ തീയതി/ ദിനപത്രം | നല്കിയ പരസ്യത്തിന്റെ വലുപ്പം / നിരക്ക് | ചെലവ് | അനുവദനീയമായ വലിപ്പം/ചെലവ് | അധികം ചെലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | 22200040<br>XY-5284648 /<br>05-05-22 | ALP/21-22/2180<br>17.03.2022<br>ദേശാഭിമാനി | 32 $Cm^2$<br>180/$cm^2$ | 5760/-<br>Discount 15%<br>(-)864<br>(+)GST (5%)244<br>=5141 | 3x8 =24 $Cm^2$<br>24x180=<br>4320<br>Discount 15%<br>(-)648<br>(+)GST (5%)184<br>=3856 | 1285 |
| 2 | 22200068 | ALP/22-23/0019 | 32 $Cm^2$ | 7040/- | 3x8 =24 $Cm^2$ | 1570 |

| | | | | | | |
|---|---|---|---|---|---|---|
| | XY-5284655<br>/<br>25-05-22 | 06.04.2022<br>ദേശാഭിമാനി | 220/cm$^2$ | Discount<br>15%<br>(-)1056<br>(+)GST<br>(5%)299<br>=6283 | 24×220=<br>5280<br>Discount 15%<br>(-)792<br>(+)GST (5%)225<br>=4713 | |
| 3 | 22200092<br>XY-5284662<br>/<br>13-06-22 | ALP/22-23/0122<br>25.04.2022<br>ദേശാഭിമാനി | 32 Cm$^2$<br>220/cm$^2$ | 7040/-<br>Discount<br>15%<br>(-)1056<br>(+)GST<br>(5%)299<br>=6283 | 3×8 =24 Cm$^2$<br>24×220=<br>5280<br>Discount 15%<br>(-)792<br>(+)GST (5%)225<br>=4713 | 1570 |
| | | ALP/22-23/0019<br>06.04.2022<br>ദേശാഭിമാനി | 28 Cm$^2$<br>220/cm$^2$ | 6160/-<br>Discount<br>15%<br>(-)924<br>(+)GST<br>(5%)261.8<br>=5498 | 3×8 =24 Cm$^2$<br>24×220=<br>5280<br>Discount 15%<br>(-)792<br>(+)GST (5%)225<br>=4713 | 785 |
| 4 | 22200210<br>XY-5284688<br>/<br>29-07-22 | ALP/22-23/0485<br>15.06.2022<br>ദേശാഭിമാനി | 32 Cm$^2$<br>220/cm$^2$ | 7040/-<br>Discount<br>15%<br>(-)1056<br>(+)GST<br>(5%)299<br>=6283 | 3×8 =24 Cm$^2$<br>24×220=<br>5280<br>Discount 15%<br>(-)792<br>(+)GST (5%)225<br>=4713 | 1570 |
| 5 | 22200263<br>JF-8206612<br>/<br>29-08-22 | ALP/22-23/0642<br>10.07.2022<br>ദേശാഭിമാനി | 32 Cm$^2$<br>220/cm$^2$ | 7040/-<br>Discount<br>15%<br>(-)1056<br>(+)GST<br>(5%)299<br>=6283 | 3×8 =24 Cm$^2$<br>24×220=<br>5280<br>Discount 15%<br>(-)792<br>(+)GST (5%)225<br>=4713 | 1570 |
| | | ALP/22-23/0665 | 32 Cm$^2$ | 7040/- | 3×8 =24 Cm$^2$ | 1570 |

| | | | | | | |
|---|---|---|---|---|---|---|
| | | 15.07.2022<br>ദേശാഭിമാനി | 220/cm$^2$ | Discount 15%<br>(-)1056<br>(+)GST (5%)299<br>=6283 | 24×220=<br>5280<br>Discount 15%<br>(-)792<br>(+)GST (5%)225<br>=4713 | |
| | | ALP/22-23/0666<br>15.07.2022<br>ദേശാഭിമാനി | 40 Cm$^2$<br>220/cm$^2$ | 8800/-<br>Discount 15%<br>(-)1320<br>(+)GST (5%)374<br>=7854 | 3×8 =24 Cm$^2$<br>24×220=<br>5280<br>Discount 15%<br>(-)792<br>(+)GST (5%)225<br>=4713 | 3141 |
| 6 | 22200486<br>JF-9939984<br>/<br>09-01-23 | ALP/22-23/1579<br>13.12.2022<br>ദേശാഭിമാനി | 32 Cm$^2$<br>220/cm$^2$ | 7040/-<br>Discount 15%<br>(-)1056<br>(+)GST (5%)299<br>=6283 | 3×8 =24 Cm$^2$<br>24×220=<br>5280<br>Discount 15%<br>(-)792<br>(+)GST (5%)225<br>=4713 | 1570 |
| | | ALP/22-23/0521<br>19.06.2022<br>ദേശാഭിമാനി | 40 Cm$^2$<br>220/cm$^2$ | 8800/-<br>Discount 15%<br>(-)1320<br>(+)GST (5%)374<br>=7854 | 3×8 =24 Cm$^2$<br>24×220=<br>5280<br>Discount 15%<br>(-)792<br>(+)GST (5%)225<br>=4713 | 3141 |
| 7 | 22200534<br>JF-9939968<br>/<br>20-02-23 | ALP/22-23/0210<br>11.05.2022<br>ദേശാഭിമാനി | 28 Cm$^2$<br>220/cm$^2$ | 6160/-<br>Discount 15%<br>(-)924<br>(+)GST (5%)261.8<br>=5498 | 3×8 =24 Cm$^2$<br>24×220=<br>5280<br>Discount 15%<br>(-)792<br>(+)GST (5%)225<br>=4713 | 785 |
| | | | | | | 18,557/- |

പത്രങ്ങളിൽ പരസ്യം നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ വീഴ്ച സംഭവിച്ചത് മൂലം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ 18,557/- രൂപയുടെ അധികച്ചെലവിനിടയായി. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.01/13.10.23) മറുപടി ഹാജരാക്കിയില്ല. അധികമായി ചെലവഴിച്ച 18,557/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 നിയമ പ്രകാരം എടുക്കേണ്ട ഇൻഷ്വറൻസ് പോളിസിയുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

മരാമത്ത് പ്രവൃത്തികളുടെ കരാറുകാർക്ക് നൽകിയിട്ടുള്ള Letter Of Acceptance ലെ Clause (6) പ്രകാരം പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കരാർ തുകയുടെ 0.5% നിരക്കിൽ, (മിനിമം 200000/- പരമാവധി 500000/- രൂപ) ഇൻഷ്വറൻസ് എടുക്കേണ്ടതാണെന്നും, പോളിസി സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത പക്ഷം കരാർ തുകയുടെ 0.2% നിരക്കിൽ ഫൈൻ ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തിയിൽ ഇത്തരത്തിൽ ഇൻഷ്വറൻസ് എടുത്തിട്ടുള്ളതിന്റെ പോളിസി സർട്ടിഫിക്കറ്റ് രേഖകളോ, ഫൈൻ ഈടാക്കിയതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിവരം | കരാറുകാരൻ | കരാർ തുക | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|
| കൈതാട്ട് ചിറ കാവുങ്കൽ തോട് സൈഡ് പ്രൊട്ടക്ഷൻ കാന നിർമ്മാണം - ചേന്നംപള്ളിപ്പുറം ഗ്രാമ പഞ്ചായത്ത്. (7/23) ബിൽ നം. 189/17.01.23 – 599765/- | കൃഷ്ണകുമാർ.ജി | 541912 | 1084 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/19.10.23) ലഭ്യമാക്കിയ മറുപടിയിൽ പിഴ ഇനത്തിൽ ഈടാക്കേണ്ട തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 1084/-രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2022-23 | 420000 | PMAY General | 420000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2022-23 | 630000 | PMAY SC | 630000 | 0 |
| ആകെ | | 1050000 | | 1050000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 98000 | PMAY General | 98000 | |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 630000 | PMAY SC | 630000 | 0 |
| ആകെ | | 728000 | | 728000 | 0 |

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 55793975 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 71276504 |
| വരവിനങ്ങളിലുള്ള നഷ്ടം | 5190 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 19641 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 48767 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 5190 | | ശ്രീമതി.ജിഷ ആന്റണി അസിസ്റ്റന്റ് എഞ്ചിനിയർ |

| | | | |
|---|---|---|---|
| 3-1 | | 18,557 | ശ്രീമതി.സിസിലി.പി.വി<br>സെക്രട്ടറി |
| 3-2 | | 1084 | ശ്രീമതി.ജിഷ ആന്റണി<br>അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 5190 | 19641 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 48767 | ശ്രീമതി.സിസിലി.പി.വി<br>സെക്രട്ടറി |
| ആകെ | 48767 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സിസിലി.പി.വി<br>സെക്രട്ടറി | സെക്രട്ടറി,<br>തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | കരുവേലി , വിവികെ വാലത്ത് റോഡ്<br>സൗത്ത് ചിറ്റൂർ പി ഓ എറണാകുളം,<br>പിൻ : 682027 |
| ശ്രീമതി. ജിഷ ആന്റണി<br>അസിസ്റ്റന്റ്<br>എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | നന്നാട്ട് ഹൗസ്<br>പനങ്ങാട്പി.ഒ , എറണാകുളം |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ | എൽ.എഫ്.ജി.എ5-832/11/31.1.12 |

| | |
|---|---|
| 2009-10 വരെ | |
| 2006-07 | എൽ.എഫ്.ജി.എ.5-1577/ 14/5.7.14 |
| 2007-08 | എൽ.എഫ്.ജി.എ.5-1577/ 16.5.14 |
| 2008-09 | എൽ.എഫ്.ജി.എ.5-1577/14/7.6.14 |
| 2009-10 | എൽ.എഫ്.ജി.എ.5-1577/14/16.5.14 |
| 2010-11 &11-12 | എൽ.എഫ്.എ.ബി.പി.1/766/13/21.1.14/11.4.14 |
| 2012-13 &13-14 | എൽ.എഫ്.എ.ബി.പി.320/2015/1/6/15 |
| 2014-15&2015-2016 | കെ.എസ്.എ 225/എ.എൽ.പി/ബി.പി./17/10.3.2017 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/ബി.പി-1371/7/ 08.11.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/ബി.പി-33/2019/ 05.01.2019 |
| 2018-2019 | കെ.എസ്.എ/എ.എൽ.പി/ബി.പി-776/2019/ 18.9.2019 |
| 2019-2020 | കെ.എസ്.എ/എ.എൽ.പി/ബി.പി-488/2022/ 19.05.2022 |
| 2020-21 | കെ.എസ്.എ/എ.എൽ.പി/ബി.പി-489/2022/ 19.05.2022 |
| 2021-22 | കെ.എസ്.എ/എ.എൽ.പി/ബി.പി-1637/2022/ 13.03.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(01) dated 31-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Thycattussery Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thycattussery Block Panchayat for the year 2022-2023

Date: 07/11/2023

Senior Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Thycattussery Block Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1.The following mandatory statements prescribed in accounts rules has not been submitted for audit

a).Cash flow statements

b).Notes to accounts

2.Cash flow statement- Net increase/Decrease in cash flow does not match with difference between the opening balance and closing balance of the cash & cash equivalents.

3.There is a mismatch between the amounts in various registers and the amounts in the annual accounts

4.Payment voucher accounted in wrong head of account

5.Assets has not been fully included.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്